ഉള്ളടക്കം

അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം

അദ്ധ്യായം 2 : പദ്ധതിയുടെ വിശദ വിവരങ്ങൾ

അദ്ധ്യായം 3 : പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

അദ്ധ്യായം 4 : സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

അദ്ധ്യായം 5 : ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

അദ്ധ്യായം 6 : സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുന:സ്ഥാപന പ്രദേശവും)

അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

അദ്ധ്യായം10 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി-മേൽനോട്ടവും മൂല്യനിർണ്ണയവും

അദ്ധ്യായം11: നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

<u>പട്ടികകൾ</u>

പട്ടിക 1.1.ഏറ്റെടുക്കപ്പെടുന്ന ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 3.1. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം

പട്ടിക 3.2.സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ

പട്ടിക 4.1 ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 5.1. പദ്ധതി ബാധിത ഭൂവുടമകളുടെ പേര് വിവരങ്ങൾ

പട്ടിക 7.1. സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

അദ്ധ്യായം 1

പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ആലപ്പുഴ ജില്ലയിലെ കുട്ടനാട് നിയോജക മണ്ഡലത്തിലെ മുട്ടാർ വില്ലേജിലുൾപ്പെടുന്ന ജീമംഗലം, മിത്രക്കരി എന്നീ പ്രദേശങ്ങളെ തമ്മിൽ യോജിപ്പിക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. ഈ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലേക്ക് എളുപ്പത്തിൽ എത്തിച്ചേരുന്നതിന് സഹായകമാവുകയും ഈ മേഖലയിലുള്ള ജനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് സഹായകമാവുകയും ചെയ്യുന്നു. ഈ പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യ-സമ്പത്തീക സ്ഥിതി മെച്ചപ്പെടുന്നതിനും പദ്ധതി പ്രയോജനപ്പെടും.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)J(i) പ്രകാരം ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

1.2.സ്ഥലം

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ മുട്ടാർ വില്ലേജിൽ ഉൾപ്പെടുന്നതാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. ഇത് മുട്ടാർ ഗ്രാമ പഞ്ചായത്തിൻെറ വാർഡ് 11, 12 എന്നിവയിൽ ഉൾപ്പെടുന്നു..

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും സ്വഭാവവും

ജീമംഗലം പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി മുട്ടാർ വില്ലേജിൽ ഉൾപ്പെടുന്ന ഏകദേശം 23.07 ആർസ് ഭൂമിയാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ തരം പട്ടിക 1.1 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1.1
ഏറ്റെടുക്കപ്പെടുന്ന ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	സർവ്വേ നമ്പർ	വിവരണം
1	176/1	നിലം
2	176/2	നിലം
3	176/3	നിലം
4	176/4	സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടം
5	176/5	നിലം
6	189/1	നിലം
7	189/2	നിലം
8	189/3	നിലം
9	191/1	നിലം

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

നിർമ്മിക്കുവാനുദ്ദേശിക്കുന്ന പാലത്തിന്റെ ഇരുവശവും നിലവിൽ റോഡുകൾ ഉള്ളതിനാൽ ഈ റോഡുകളെ ബന്ധിപ്പിക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. ബദൽ മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിൽ പ്രസക്തിയില്ല.

1.5.സാമൂഹ്യ പ്രത്യാഘാതങ്ങൾ

പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രധാന ആഘാതങ്ങൾ താഴെ പറയുന്നു:

- പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് പദ്ധതി പ്രദേശത്തെ ഭൂവുടമകളായ 7 കുടുംബങ്ങളെ ബാധിക്കും.ഇതിൽ നെൽകൃഷി ചെയ്തു കൊണ്ടിരിക്കുന്ന 4 ഭൂവുടമകൾക്ക് അവരുടെ കൃഷിഭൂമി നഷ്ടപ്പെടും.

- ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ 9 തെങ്ങ്, ഒരു മാവ് എന്നിവ മുറിച്ച് മാറ്റപ്പെടും.
- ഏറ്റെടുക്കപ്പെടുന്ന ഭൂമിയിലെ ഒരു ഭൂവുടമയുടെ ഗേറ്റ്, മതിൽ എന്നിവ നഷ്ടപ്പെടും.
- പാലത്തിൻെറ നിർമ്മാണ സമയത്ത് ഏറ്റെടുക്കപ്പെടുന്ന ഭൂമിയോട് ചേർന്ന് കിടക്കുന്ന ഭൂമിയിലുള്ള പഴയ വീടിന് ബലക്ഷയം വരുവാൻ സാധ്യതയുണ്ട്.
- അപ്രോച്ച് റോഡ് അവസാനിക്കുന്ന ഭാഗത്ത് നിലവിലുള്ള കട പാലത്തിൻെറ നിർമ്മാണ ഘട്ടത്തിൽ തുറന്ന് പ്രവർത്തിക്കുവാൻ സാധ്യമല്ലാതെ വരുന്നത് മൂലം അത് നടത്തികൊണ്ടിരിക്കുന്ന വികലാംഗനായ വ്യക്തിയുടെ ഉപജീവന മാർഗ്ഗം താൽക്കാലികമായി നഷ്ടപ്പെടും.

1.6. ലഘൂകരണ നടപടികൾ

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ നഷ്ടപ്പെടുന്ന ചമയങ്ങൾക്കും മുറിച്ച് മാറ്റപ്പെടുന്ന ഫലദായക വൃക്ഷങ്ങൾക്കും ന്യായമായ നഷ്ട പരിഹാരം നൽകുക.
- പദ്ധതി മൂലം ഉപജീവന മാർഗ്ഗം താത്ക്കാലികമായി നഷ്ടപ്പെടുന്ന വികലാംഗനായ വ്യക്തിക്ക് നഷ്ടപരിഹാരം നൽകുവാൻ സാധ്യത ഉണ്ടൊയെന്ന് പരിശോധിച്ച ശേഷം അർഹമായത് നൽകുക.

അദ്ധ്യായം 2

പദ്ധതിയുടെ വിശദവിവരങ്ങൾ

2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ മുട്ടാർ വില്ലേജിലുൾപ്പെടുന്ന ജീമംഗലം, മിത്രക്കരി എന്നീ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടാണ് ജീമംഗലം പാലം നിർമ്മിക്കുന്നത്. നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഈ പാലത്തിൻെറ ഇരു കരകളിലും റോഡ് ഉണ്ട്.പ്രസ്തുത പാലത്തിന് 2019–20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സ.ഉ (സാധാ) നം.335/2020/PWD തീയതി 18/03/2020 പ്രകാരം പാലം നിർമ്മാണത്തിന് 2.96 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

എക്സിക്യ്യൂട്ടീവ് എഞ്ചിനീയർ, പി ഡബ്ലിയു.ഡി, ബ്രിഡ്ജസ് ഡിവിഷൻ, ആലപ്പുഴ ആണ് പദ്ധതിയുടെ നിർവ്വാഹകർ. നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ അധികാരി സ്പെഷ്യൽ തഹസിൽദാർ, എൽ.എ ജനറൽ, ആലപ്പുഴ ആണ്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഉത്തരവാദിത്തം അദ്ദേഹത്തിൽ നിക്ഷിപ്തമാണ്.

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)J(i) പ്രകാരം നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

ആലപ്പുഴ ജില്ലയിലെ കുട്ടനാട് തലൂക്കിൽ മുട്ടാർ വില്ലേജിലാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. 23.07 ആർസ് ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

ചെലവ്:നിർദ്ദിഷ്ട പദ്ധതിക്കായി ഭരണാനുമതി ലഭിച്ചിരിക്കുന്നത്. 2.96 കോടി രൂപ യ്ക്കാണ്.

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

നിർമ്മിക്കുവാനുദ്ദേശിക്കുന്ന പാലത്തിൻെറ ഇരുവശവും നിലവിൽ റോഡുകൾ ഉള്ളതിനാൽ ഈ റോഡുകളെ ബന്ധിപ്പിക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. ബദൽ മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിൽ പ്രസക്തിയില്ല.

2.5. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

ആർ.സിസി. സ്ലാബ് ഇൻറഗ്രേറ്റഡ് വിത്ത് അബട്മെൻറ്സ് ഡിസൈൻ മാതൃകയിലാണ് പാലം നിർമ്മിക്കുന്നത്. പാലത്തിൻെറ ഫൗണ്ടേഷൻ കോൺക്രീറ്റ് പൈലുകളാണ്. പ്രസ്തുത പാലത്തിന് 10 മീറ്റർ നീളമുള്ള ഒരു സ്പാൻ ആണുള്ളത്. 1.50 മീറ്റർ വീതം വീതിയിൽ ഇരുവശത്തും നടപ്പാത ഉൾപ്പെടെ ആകെ 11 മീറ്റർ ആണ് പാലത്തിൻെറ വീതി. പാലത്തിനും അപ്രോച്ച് റോഡുകൾക്കും നിലവിലുള്ള വഴികൾ നിലനിർത്തുന്നതിലേക്കായി സർവ്വീസ് റോഡുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നത്.

2.6 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

ബാധകമല്ല

2.7 ആവശ്യമായ തൊഴിൽ ശക്തി

പദ്ധതിയുടെ നിർമ്മാണം ഏറ്റെടുക്കുന്ന കരാറുകാരനായിരിക്കും ഇതിനാവശ്യമായ വിദഗ്ധ, അവിദഗ്ധ തൊഴിൽ ശക്തി ഏർപ്പാടക്കുന്നതിനുള്ള ഉത്തരവാദിത്വം.

2.8. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

അർത്ഥനാധികാരിയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം പരിസ്ഥിതി/ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങൾ മുൻപ് നടത്തിയിട്ടില്ല.

2.9. ബാധകമായ നിയമങ്ങളും നയങ്ങളും

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനരധിവാസം, പുന:സ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം, 2013.

- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കെരള സർക്കാർ –റവന്യൂ (ബി) വകുപ്പ് 23.09.2015 ന് പുറപ്പെടുവിച്ച ഉത്തരവ് നമ്പർ G.O.(MS)No.485/2015/RD പ്രകാരമുള്ള സസ്ഥാന സർക്കാരിൻെറ നയം.
- കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.

അദ്ധ്യായം 3

പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) 4-ാം വകുപ്പ്, 1-ാം ഉപവകുപ്പ്, സമുചിത സർക്കാർ പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുമ്പോഴെല്ലാം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ (എസ്.ഐ.എ) പഠനം നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം ജീമംഗലം പാലം & അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ ഭാഗമായി സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിന് വേണ്ടിയുള്ള എസ്.ഐ.എ യൂണിറ്റായി ശ്രീമതി പ്രിൻസി ജേക്കബിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. (അവലംബം: 12.09.2023 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഗസറ്റ്, അസാധാരണം വിജ്ഞാപനം നമ്പർ 2956)

3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

നിർദ്ദിഷ്ട സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി ഈ മേഖലയിലും സമാന മേഖലകളിലും പ്രത്യേകിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പരിചയമുള്ളവരേയും മതിയായ യോഗ്യത ഉള്ളവരേയും പഠന സംഘത്തിൽ ഉൾപ്പെടുത്തി. അവർക്ക് നിശ്ചിത ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും നൽകി. പഠന സംഘത്തിൻെറ വിശദാംശങ്ങൾ താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.1.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം

ക്രമ നമ്പർ	പേര്	വിദ്യാഭ്യാസ യോഗ്യത, പദവി	പ്രവർത്തന പരിചയം
1	പ്രിൻസി	എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ,	വികസനമേഖലയിൽ 27

	ജേക്കബ്	എസ്.ഐ.എ യൂണിറ്റ്	വർഷം
2	മിഥുൻ മാത്യു	എം.എസ്.ഡബ്ല്യൂ, റിസർച്ച് അസോസിയേറ്റ്	വികസനമേഖലയിൽ 5 വർഷം
3	ഷെൽമി അലക്സ്	ബി കോം. ഡാറ്റ എൻട്രി	5 വർഷം

3.2 പഠനത്തിനുപയോഗിച്ച പദ്ധതി ശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിന്റെ യുക്തിയും, പഠനത്തിന് വേണ്ട വിവര ശേഖരണം നടത്തിയ രീതിയും

പഠന സംഘം പദ്ധതി ബാധിത പ്രദേശ സന്ദർശനം നടത്തുകയും റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച രേഖകളുടേയും ഭൂമി ഏറ്റെടുക്കൽ കല്ലിന്റെ വിന്യാസ പ്രകാരവും പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തയ്യാറാക്കി. വിവരശേഖരണത്തിന്റെ ഭാഗമായി പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക സർവ്വേയും പ്രാദേശിക സ്വയം ഭരണ പ്രതിനിധികളുമായി അഭിമുഖം നടത്തുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതിയുടെ വിവരങ്ങൾ കേരള പി.ഡബ്ല്യു.ഡി (പാലം വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴയിൽ നിന്നും ശേഖരിച്ചു. പ്രാഥമിക-ദ്വിതീയ മാർഗ്ഗങ്ങളിലൂടെ ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത ശേഷമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖയും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കിയിരിക്കുന്നത്.

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതി ബാധിതമാകുന്ന എല്ലാ കുടുംബങ്ങളേയും വിവരശേഖരണത്തിൽ ഉൾപ്പെടുത്തുകയും പദ്ധതി പ്രദേശത്തെ മുട്ടാർ പഞ്ചായത്ത് വാർഡ് പ്രതിനിധി കളുമായി ചർച്ച ചെയ്യുകയും ചെയ്തു

3.4 വിവര സ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

പ്രാഥമിക – ദ്വിതീയ സ്രോതസ്സുകളെ ആശ്രയിച്ചാണ് പഠന സംഘം വിവര ശേഖരണം നടത്തിയത്. പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരിൽനിന്നും ശേഖരിച്ച വിവരങ്ങളാണ് പ്രാഥമിക ഉറവിടങ്ങൾ. റവന്യൂ വകുപ്പിൽനിന്നും ലഭിച്ച

ഭൂരേഖകളും പി.ഡബ്ല്യു.ഡി, ബ്രിഡ്ജസ് ഡിവിഷൻ ആലപ്പുഴയിൽ നിന്നും പദ്ധതിയെ സംബന്ധിച്ച് ലഭിച്ച വിവരങ്ങളുമാണ് ദ്വിതീയ ഉറവിടങ്ങൾ.

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

പട്ടിക3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ

തീയതി	പ്രവർത്തനങ്ങൾ
12.09.2023	ഗസറ്റ് വിജ്ഞാപനം 4(1)
26.09.2023	പദ്ധതി ബാധിത കുടുംബങ്ങളുടെ വിവര ശേഖരണം
01.10.2023	പബ്ലിക് ഹിയറിംഗ് സംബന്ധിച്ചുള്ള പത്ര വിജ്ഞാപനം
17.10.2023	പബ്ലിക് ഹിയറിംഗ്

അദ്ധ്യായം 4
സ്ഥലത്തിൻെറ മൂല്യനിർണ്ണയം

4.1.ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ മുട്ടാർ വില്ലേജിൽ ഉൾപ്പെട്ടതാണ് പദ്ധതിപ്രദേശം. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി മുട്ടാർ പഞ്ചായത്തിൻെറ 11, 12 എന്നീ വാർഡുകളിൽ ഇരു കരകളിലായി സ്ഥിതി ചെയ്യുന്നു. പദ്ധതി പ്രദേശം ഭൂരിഭാഗവും കൃഷി ഭൂമി ആണ്. നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ജീമംഗലം പാലത്തിൻെറ ഇരു കരകളിലും റോഡ് സൗകര്യം ഉണ്ട്.

4.2 പദ്ധതിയുടെ സ്വാധീനം മൂലം പ്രത്യാഘാത ബാധിതമാകുന്നമൊത്തം പ്രദേശം

നിലവിലെ ഭൂമി ഏറ്റെടുക്കൽ കല്ലുകളുടെ വിന്യാസം അനുസരിച്ചും പ്രദേശത്തുനിന്നും സ്വീകരിച്ച വിവരങ്ങൾ പ്രകാരവും 7 കുടുംബങ്ങളെയാണ് നിർദ്ദിഷ്ട പദ്ധതി പ്രത്യക്ഷമായി ബാധിക്കുന്നത്. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ ഭൂവുടമകളായ കുടുംബങ്ങൾ പദ്ധതിബാധിതരിൽ ഉൾപ്പെടുന്നു.

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

23.07 ആർസ് ഭൂമിയാണ് പദ്ധതിക്കായി ആവശ്യമായി വരുന്ന മൊത്തം ഭൂമി.

4.4.പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

ഇല്ല.

4.5.പദ്ധതിക്കായി വില കൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

ഈ പദ്ധതിക്കായി മുന്നേ വില കൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി ഇല്ല.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

ഏറ്റെടുക്കപ്പെടുന്ന ഒരു ഭൂമിയിൽ 2 കുടുംബങ്ങൾ ഭൂമി വീടും പുരയിടവുമായി ഉപയോഗിക്കുന്നതാണെങ്കിലും വീടുകൾ ഒന്നും നഷ്ടപ്പെടുന്നില്ല. ഇതിൽ ഒരു ഭൂമി

സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടവും മറ്റ് ഭൂമി എല്ലാം നിലം വിഭാഗത്തിൽ ആണ്.

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ 9 സർവ്വേ നമ്പ റുകളിൽ ഉൾപ്പെടുന്ന ഭൂമി "നിലം" വിഭാഗത്തിലും ഒരു സർവ്വേ നമ്പറിൽ ഉൾപ്പെടുന്ന ഭൂമി "സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടം" വിഭാഗത്തിലും ഉൾപ്പെടുന്നു. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ വീടുകളോ താമസക്കാരോ ഇല്ല.

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

റവന്യൂ വകുപ്പിൽനിന്നും ലഭിച്ച വിവരങ്ങളും, ഭൂരേഖകൾ, ആഘാതബാധിതരിൽനിന്നും ലഭിച്ച വിവരങ്ങൾ എന്നിവയിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി 7 സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ വീടും പുരയിടവുമായി 2 കുടുംബങ്ങൾ തമസമുണ്ടെങ്കിലും വീടുകൾ ആരുടേയും നഷ്ടപ്പെടുന്നില്ല.

പട്ടിക 4.1

ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	സർവ്വേ നമ്പർ	ഭൂമിയുടെ ഉടമസ്ഥാവകാശം
1	176/1	സ്വകാര്യം
2	176/2	സ്വകാര്യം
3	176/3	സ്വകാര്യം
4	176/4	സ്വകാര്യം
5	176/5	സ്വകാര്യം
6	189/1	സ്വകാര്യം
7	189/2	സ്വകാര്യം
8	189/3	സ്വകാര്യം
9	191/1	സ്വകാര്യം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

വിവരദാതാക്കളിൽ നിന്ന് ലഭിച്ച വിവരപ്രകാരം കഴിഞ്ഞ 3 വർഷങ്ങളിൽ ഭൂമി കൈമാറ്റം നടന്നിട്ടില്ല.

അദ്ധ്യായം 5

ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പ്രസ്തുത പദ്ധതിമൂലം പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽവിവരിക്കുന്നത്.

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1പദ്ധതിയുടെ പ്രത്യക്ഷപ്രത്യാഘാതബാധിത കുടുംബങ്ങൾ

(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

RFCTLARR ആക്ട് 2013, സെക്ഷൻ 3 പ്രകാരം പദ്ധതിബാധിത കുടുംബങ്ങൾ എന്നുപറയുന്നത് വസ്തുവകകൾ നഷ്ടമാകുന്നവരോ, ആ പ്രദേശത്ത് കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരോ, മൂന്ന് വർഷത്തിലധികമായി വാടകയ്ക്ക് താമസിക്കുന്നവരോ, ഉപജീവനമാർഗ്ഗം നഷ്ടമാകുന്നവരോ ആണ്. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ ഉടമസ്ഥതയുള്ള 7 കുടുംബങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെടുന്ന ഭൂവുടമകളുടെ വിവരങ്ങൾ പട്ടിക 5.1 ൽ കൊടുത്തിരിക്കുന്നു

പട്ടിക.5.1 ഭൂവുടമകളുടെ പേര് വിവരങ്ങൾ

ക്രമ നമ്പർ	സർവ്വേ നമ്പർ	ഭൂവുടമകളുടെ പേര്
1	176/1	പ്രസന്നകുമാർ, തണ്ടാശ്ശേരി മിത്രക്കരി.പി.ഒ, ആലപ്പുഴ
2	176/2	രാജപ്പൻ.ടി.സി, തണ്ടാശ്ശേരി മിത്രക്കരി.പി.ഒ, ആലപ്പുഴ
3	176/3	സന്തോഷ് കുമാർ, തണ്ടാശ്ശേരി, മിത്രക്കരി.പി.ഒ, ആലപ്പുഴ
4	176/4	സുധീർ, തണ്ടാശ്ശേരി മിത്രക്കരി.പി.ഒ, ആലപ്പുഴ
5	176/5	Late ശാരഗധരൻ, തണ്ടാശ്ശേരി (കേസിൽ കിടക്കുന്ന ഭൂമി)

6	189/1	ഷിബു കണ്ണമാലി, മിത്രക്കരി.പി.ഒ, ആലപ്പുഴ
7	189/2	അലൈമെൻറ്ൻ പ്രകാരം കല്ലിട്ടിരിക്കുന്നതിൽ ഈ സർവ്വേ നമ്പറിലെ ഭൂമി ഉൾപ്പെടുന്നില്ല
8	189/3	അലൈമെൻറ്ൻ പ്രകാരം കല്ലിട്ടിരിക്കുന്നതിൽ ഈ സർവ്വേ നമ്പറിലെ ഭൂമി ഉൾപ്പെടുന്നില്ല
9	191/1	വി.കെ.നടേശൻ.വടകരയിൽ മിത്രക്കരി.പി.ഒ, ആലപ്പുഴ

5.1.2 പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യപശ്ചാത്തലം

പദ്ധതിബാധിതമാകുന്ന 7 കുടുംബങ്ങളും പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്നു. ഭൂരിഭാഗം കുടുംബങ്ങളും സാമ്പത്തീകമായി പിന്നോക്കവസ്ഥയിലുള്ളവരാണ്. ഇതിൽ ഒരു കുടുംബം മഞ്ഞ റേഷൻ കാർഡുള്ളവരാണ്.

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

പദ്ധതി പ്രദേശം വനഭൂമിയിൽ ഉൾപ്പെടുന്നില്ല.

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നത് മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമൂലം പൊതു വിഭവങ്ങൾ ആഘാത ബാധിതമാകുന്നില്ല.

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

ഇല്ല.

5.5. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

പദ്ധതി പ്രദേശം നഗര പ്രദേശം അല്ല.

5.6. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ ഇല്ല.

5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

പരോക്ഷമായി ആഘാത ബാധിതരാകുന്നവർ ഇല്ല

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവര പട്ടിക

പദ്ധതി പ്രദേശത്തെ 7 സർവ്വേ നമ്പറിൽപ്പെടുന്ന ഭൂമി ഭാഗീകമായി ഏറ്റെടുക്കപ്പെടും. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ ഫലദായകമായ 9 തെങ്ങുകൾ, തെങ്ങ് ഒരു മാവ് എന്നിവ ഉണ്ട്. കൂടാതെ നെൽകൃഷി ചെയ്യുന്ന ഭൂമിയും ഏറ്റെടുക്കുന്ന ഭൂമിയിൽ ഉൾപ്പെടും.

അദ്ധ്യായം 6

സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ഛാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പതിനാറ് പുരുഷന്മാരും പതിന്നാല് സ്ത്രീകളും ഉൾപ്പെടുന്ന 7 കുടുംബങ്ങളെയാണ് ഈ പദ്ധതി ബാധിതമാകുന്നത്. 60 വയസ്സിന് മുകളിലുള്ള 8 വൃദ്ധരും വികലാംഗനായ ഒരു ഭൂവുടമയും ദുർബ്ബല ജനവിഭാഗത്തിൽ ഉൾപ്പെടുന്നു.

6.2 ഭൂമിയുടെ ഉപയോഗവും ഉപജീവന മാർഗ്ഗവും

ഏറ്റെടുക്കുന്ന ഭൂമി, വീടും പുരയിടവുമായി ഉപയോഗിക്കുന്നത് 2 കുടുംബങ്ങൾ ആണ്. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ ഫലദായകമായ തെങ്ങുകൾ ഉണ്ട്. കൂടാതെ നെൽകൃഷി ചെയ്യുന്ന ഭൂമിയും ഏറ്റെടുക്കുന്നതിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ നെൽകൃഷിയിൽ നിന്നും തെങ്ങിൽ നിന്നും ഉള്ള വരുമാനം ഭൂവുടമകൾക്ക് നഷ്ടപ്പെടും.

6.3 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

നെൽകൃഷിയിൽ നിന്നും തെങ്ങ് കൃഷിയിൽ നിന്നും ഭൂവുടമകൾക്ക് ചെറിയ വരുമാനം ലഭിക്കുന്നുണ്ട്. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ സമീപത്ത് ചെറിയ ഒരു കട നടത്തുന്നുണ്ട്. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ മറ്റ് ബിസിനസ്സുകളോ സാമ്പത്തീക പ്രവർത്തനങ്ങളോ നടക്കുന്നില്ല.

6.4 പ്രാദേശിക ഉപജീവന ഘടകങ്ങൾ

പ്രദേശവാസികൾ പദ്ധതി പ്രദേശത്തും അതിന് സമീപത്തുള്ള തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തിയും കൂടാതെ പ്രൈവറ്റ് സ്ഥാപനങ്ങളിലും ജോലി ചെയ്ത് ഉപജീവനം നടത്തുന്നു. പദ്ധതിമൂലം ഇവയൊന്നും ആഘാത ബാധിതമാകുന്നില്ല.

6.5 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി ബാധിത കുടുംബങ്ങൾ എല്ലാം അണു കുടുംബങ്ങൾ ആണ്. പദ്ധതി പ്രദേശത്ത് സാമൂഹിക സാംസ്കാരിക സംഘടനകളൊന്നും ആഘാത ബാധിതമാകുന്നില്ല.

6.6 ഭരണ സംഘടനകൾ

ഭരണ സ്ഥാപനങ്ങളൊന്നും ആഘാത ബാധിതമാകുന്നില്ല.

6.7 രാഷ്ട്രീയ സംഘടനകൾ

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം രാഷ്ട്രീയ സംഘടനകളൊന്നും ആഘാത ബാധിതമാകുന്നില്ല.

6.8 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകളൊന്നും പദ്ധതി ആഘാത ബാധിതമാകുന്നില്ല.

അദ്ധ്യായം 7

സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും സാമുഹ്യ പ്രത്യാഘാത നിയന്ത്രണ നടപടികളും നിർബന്ധമാണ്. അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ തിരിച്ചറിയുകയും പദ്ധതിയുടെ സാമൂഹ്യ നേട്ടങ്ങൾ വർദ്ധിപ്പിക്കുക, സാമൂഹ്യ പ്രത്യാഘാത വിപരീത ഫലങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ മുന്നോട്ട് വയ്ക്കുക എന്നിവയാണ് എസ്.ഐ.എ.യുടെ ലക്ഷ്യങ്ങൾ. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിൻെറയും ഭാഗമായി പഠന സംഘം പദ്ധതി ബാധിത ഭൂവുടമകളിൽ നിന്നും പദ്ധതി പ്രദേശത്തെ പഞ്ചായത്ത് പ്രതിനിധികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു.

7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

പ്രത്യാഘാതങ്ങൾ ഏറ്റവും കുറവ് ഉണ്ടാകുന്ന വിധത്തിലാണ് പ്രസ്തുത പദ്ധതി അർത്ഥനാധികാരി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിബാധിതമാകുന്ന കുടുംബങ്ങൾക്ക് ഉണ്ടാവാനിടയുള്ള പ്രത്യാഘാതങ്ങൾ കുറക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവൺമെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം നൽകൽ നടപടികൾ കൈക്കൊള്ളുക.

- ഭൂമി ഏറ്റെടുക്കപ്പെടുന്നത് മൂലം നഷ്ടപ്പെടുന്ന ചമയങ്ങൾക്കും, ഫലവൃക്ഷങ്ങൾക്കും ന്യായമയ നഷ്ട പരിഹാരം നൽകുക.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- പദ്ധതി മൂലം ഉപജീവന മാർഗ്ഗം താത്ക്കാലികമായി നഷ്ടപ്പെടുന്ന വികലാംഗനായ വ്യക്തിക്ക് നഷ്ടപരിഹാരം നൽകുവാൻ സാധ്യത ഉണ്ടൊയെന്ന് പരിശോധിച്ച ശേഷം അർഹമായത് നൽകുക.

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവൺമെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം നഷ്ടപരിഹാരം നൽകൽ നടപടികൾ കൈക്കൊള്ളേണ്ടത്.

7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

പദ്ധതിക്ക് വേണ്ടി 2.96 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

ബാധകമല്ല

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ, റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017ന് പുറപ്പെടുവിച്ച വിജ്ഞാപനം G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി

ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും, നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിക്കുകയും ചെയ്യുക.

പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

പ്രത്യാഘാതം	പ്രത്യാഘാതനിയന്ത്രണം	സമയക്രമം
ഭൂമി നഷ്ടപ്പെടൽ	അനുയോജ്യമായ നഷ്ടപരിഹാരം നൽകുക (RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരം)	കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം.
ഭൂമി ഏറ്റെടുക്കൽ മൂലം ചമയങ്ങൾ നഷ്ടപ്പെടൽ	അർഹമായ നഷ്ട പരിഹാരം നൽകുക (RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരം)	കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം.

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാതനിയന്ത്രണ ആസൂത്രണം

ബാധകമല്ല

അദ്ധ്യായം 8

സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപനസംവിധാനം

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരളത്തിലെ RFCTLARR ചട്ടങ്ങൾ, 2015, ഗവണ്മെൻറ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ എന്നിവ സ്ഥാപന ഘടനകളെയും ലഘൂകരണ നടപടികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള പ്രധാന വ്യക്തിയേയും വിഭാവനം ചെയ്യുന്നു.

ഭൂമി ഏറ്റെടുക്കപ്പെടുന്ന ദുരിത ബാധിതരായ കുടുംബങ്ങൾക്ക് പുനരധിവാസ–പുന:സ്ഥാപന പദ്ധതി തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാർ നിയോഗിച്ച അഡ്മിനിസ്ട്രേറ്ററാണെന്ന് RFCTLARR ആക്ട്, 2013 നിർവ്വചിക്കുന്നു. പുനരധിവാസ–പുന:സ്ഥാപന പദ്ധതിയുടെ രൂപീകരണം, നിർവ്വഹണം, നിരീക്ഷണം എന്നിവ ഉചിതമായ സർക്കാരിൻെറയും പുനരധിവാസ കമ്മീഷണറുടേയും മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കലിനായി നിയോഗിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ ആലപ്പുഴ ജില്ലയുടെ ഡെപ്യൂട്ടി കളക്ടർ (എൽ.എ, ജനറൽ) ആണ്.

പുനരധിവാസ, പുന:സ്ഥാപന പദ്ധതികളുടെ മേൽനോട്ടത്തിനും, വിലയിരുത്തലിനുമായി പദ്ധതി തലത്തിൽ ഒരു പുനരധിവാസ, പുന:സ്ഥാപന കമ്മിറ്റിയുടെ രൂപീകരണത്തിന് “RFCTLARR ആക്ട്, 2013 ൻെറ 45–ാം വകുപ്പും, കേരളത്തിലെ RFCTLAR ചട്ടങ്ങൾ, 2015 ലെ ചട്ടം 23 ഉം ശുപാർശ ചെയ്യുന്നു. 23/09/2015 ന് പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) നമ്പർ.485/2015 ആർഡി പ്രകാരമുള്ള കേരള സംസ്ഥാന നയം അനുസരിച്ച് ഭൂമി ഏറ്റെടുക്കലിൻെറ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി ജില്ലാ തലത്തിൽ താഴെ പറയുന്ന കമ്മിറ്റികൾക്കാണ് പുനരധിവാസ–പുന:സ്ഥാപന പ്രവർത്തനങ്ങളുടെ നിരീക്ഷണ ഉത്തരവാദിത്തം:

- ജില്ലാ കളക്ടർ
- പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അധികാരി
- ഭൂമി ഏറ്റെടുക്കൽ അധികാരി
- ധനകാര്യ ഓഫീസർ
- ധനകാര്യ തീരുമാനങ്ങളെടുക്കുന്നതിനുള്ള അർത്ഥനാധികാരിയുടെ പ്രതിനിധി
- പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങളിലെ പ്രതിനിധികൾ

8.2. ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാ ശേഷിയോ ആവശ്യമായി വരുന്നുണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

ഓരോ പ്രവർത്തനവും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമമനുസരിച്ചായിരിക്കും.

അദ്ധ്യായം 9

സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

നിർദ്ദിഷ്ട പദ്ധതിക്ക് 2.96 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പുനരധിവാസം ആവശ്യമായി വരുന്നില്ല. ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചിലവ് എത്രയാണെന്ന വിവരം അർത്ഥ നാധികാരിയിൽ നിന്നും ലഭിച്ചിട്ടില്ല.

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

നിർദ്ദിഷ്ട ഭൂമി എറ്റെടുക്കലിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്ന അഡ്മിനിസ്ട്രേറ്ററാണ് വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും തയ്യാറാക്കേണ്ടത്.

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

കേരള സർക്കാരിൻെറ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

.

അദ്ധ്യായം 10

സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

നിലവിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രധാന സൂചികകൾ താഴെ പറയുന്നു:

- പുനരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും എടുക്കുന്ന സമയം.
- പദ്ധതി ആഘാത കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക സമയാധിഷ്ടിതമായി നൽകൽ
- സാമൂഹ്യ പ്രത്യാഘാത നിയന്ത്രണത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ.

10.2. റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും നടപ്പിലാക്കുന്നത്.

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

സ്വതന്ത്രമായ ഒരു വിലയിരുത്തലും വിഭാവനം ചെയ്യുന്നില്ല. RFCTLARR Act, 2013 പ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥർ പ്രക്രിയ വിലയിരുത്തും.

അദ്ധ്യായം 11

നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം.

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ മുട്ടാർ വില്ലേജിലുൾപ്പെടുന്ന ജീമംഗലം, മിത്രക്കരി എന്നീ പ്രദേശങ്ങളെ തമ്മിൽ യോജിപ്പിക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. ഈ പദ്ധതി യാഥാർത്യമാകുമ്പോൾ ആലപ്പുഴ–ചങ്ങനാശ്ശേരി റോഡിലേക്ക് എളുപ്പത്തിൽ എത്തിച്ചേരുന്നതിതിനും ഈ മേഖലയിലുള്ള ജനങ്ങളുടെ സുഗമമായ സഞ്ചാരത്തിതിനും സഹായകമാവുകയും ചെയ്യുന്നു. ഈ പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യ–സമ്പത്തീക സ്ഥിതി മെച്ചപ്പെടുന്നതിനും പദ്ധതി പ്രയോജനപ്പെടും. പദ്ധതി പ്രദേശം മുട്ടാർ ഗ്രാമ പഞ്ചായത്തിൻെറ വാർഡ് 11, 12 എന്നിവയിൽ ഉൾപ്പെടുന്നു.

ജീമംഗലം പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി മുട്ടാർ വില്ലേജിൽ ഉൾപ്പെടുന്ന ഏകദേശം 23.07 ആർസ് ഭൂമിയാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള നിയമം, 2013 വകുപ്പ് 2(൧)(i) പ്രകാരം ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് ഒരു ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

നിർദ്ദിഷ്ട പദ്ധതി ഏഴ് കുടുംബങ്ങളെ പ്രത്യക്ഷമായി ബാധിക്കുന്നു. 23.07 ആർസ് ഭൂമിയാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്. 7 സർവ്വേ നമ്പറുകളിൽപ്പെടുന്ന വസ്തുക്കളെ ഭൂമി ഏറ്റെടുക്കൽ ഭാഗീകമായോ പൂർണ്ണമായോ ബാധിക്കും.ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമൂലം ആരും തന്നെ പദ്ധതി പ്രദേശത്ത് നിന്നും കുടിയൊഴിയപ്പെടുകയോ വീടുകൾ പൊളിച്ചു മാറ്റപ്പെടുകയോ ചെയ്യുന്നില്ല.

സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ കൈക്കൊള്ളുകയാണെങ്കിൽ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ കുറയ്ക്കുവാൻ കഴിയും.

താഴെ വിവരിക്കുന്ന ശുപാർശകൾ പദ്ധതിയുടെ ആഘാതം ദുരീകരിക്കുന്നതിന് പഠന സംഘം നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിത കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ നഷ്ടപ്പെടുന്ന ചമയങ്ങൾക്കും മുറിച്ച് മാറ്റപ്പെടുന്ന ഫലദായക വൃക്ഷങ്ങൾക്കും ന്യായമായ നഷ്ട പരിഹാരം നൽകുക.
- പദ്ധതി മൂലം ഉപജീവന മാർഗ്ഗം താത്ക്കാലികമായി നഷ്ടപ്പെടുന്ന വികലാംഗനായ വ്യക്തിക്ക് നഷ്ടപരിഹാരം നൽകുവാൻ സാധ്യത ഉണ്ടൊയെന്ന് പരിശോധിച്ച ശേഷം അർഹമായത് നൽകുക.

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

മുകളിലെ കണ്ടെത്തലുകളൂടെ വെളിച്ചത്തിലും പദ്ധതിയുടെ ഗുണങ്ങളും ദോഷങ്ങളും തുലനം ചെയ്തതിനു ശേഷവും ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ദുരീകരണ നടപടികൾ യഥാവിധം നടപ്പിലാക്കിയാൽ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ ഇതിൻെറ വിപരീത പ്രത്യാഘാതങ്ങളേക്കാൾ കുടുതലായിരിക്കുമെന്ന നിഗമനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ഏകകണ്ഠമായി എത്തിച്ചേരുന്നു.ആയതിനാൽ നിലവിലെ പദ്ധതി

അനുസരിച്ചുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുവാൻ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനയൂണിറ്റ് ശുപാർശ ചെയ്യുന്നു.